(സി) തഴപ്പായ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു വാങ്ങി ശേഖരിക്കുന്നതിനുവേണ്ട സാമ്പത്തികസഹായം, കരവിരുത് വർദ്ധിപ്പിച്ച് വൈവിധ്യമാർന്നതും പരിഷ്ക്കരിച്ചതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുതകുന്ന പരിശീലനം, ഇടനിലക്കാരെ ഒഴിവാക്കി ഉൽപ്പാദകർ തന്നെ നേരിട്ട് വിപണനരംഗത്തിറങ്ങി വരുമാന വർദ്ധനവ് നേടുക എന്നിവയാണ് തൊഴിലാളികൾക്ക് ലഭിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ.

(ഡി) തഴ ഉൽപ്പന്നങ്ങളുടെ പ്രചരണാർത്ഥം വർദ്ധിച്ച വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികളും കൺസോർഷ്യം ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ എസ്.എഫ്.എ.സി. തയ്യാറാക്കിയ "തെങ്ങിൻതടിയുടെ ഫലപ്രദമായ വിനിയോഗത്തിനുള്ള പദ്ധതി" പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭനടപടികൾ ഏറെക്കുറെ പൂർത്തിയാക്കിക്കഴിഞ്ഞു. എസ്.എഫ്.എ.സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റ് പരിപാടികൾ ജൈവപ്ലേറ്റ് നിർമ്മാണ യൂണിറ്റുകൾ, വാഴനാര് ഉൽപ്പാദന യൂണിറ്റുകൾ, ഇഞ്ചിസത്തെടുക്കുന്ന യൂണിറ്റ്, അഗ്രി ബിസിനസ് കോംപ്ലക്സ് എന്നിവ സ്ഥാപിക്കുകയാണ്.

122 (2686) പോളിനേഷൻ തൊഴിലാളികൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നീലേശ്വരം പ്രാദേശിക വികസന കേന്ദ്രത്തിൽ പോളിനേഷൻ തൊഴിലാളികൾ എത്ര ഉണ്ടായിരുന്നുവെന്നും എത്ര വർഷമായി തൊഴിൽ ചെയ്തിരുന്നുവെന്നും വിശദീകരിക്കുമോ;

(ബി) പ്രാദേശിക വികസന കേന്ദ്രം കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറിയപ്പോൾ പ്രസ്തുത തൊഴിലാളികളേയും കൈമാറിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് പോളിനേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്താതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നീലേശ്വരം, പടന്നക്കാട് സർക്കാർ തെങ്ങിൻ തോട്ടത്തിൽ 50 പോളിനേഷൻ തൊഴിലാളികൾ 1975 മുതൽ ജോലി ചെയ്തിരുന്നു.

(ബി) ഇല്ല. തൊഴിലാളികളുടെ ലിസ്റ്റ് സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു.

(സി) പോളിനേഷൻ സീസണൽ സ്വഭാവമുള്ള ജോലിയാകയാൽ പ്രസ്തുത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല.

123 (2687) ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ പ്രവർത്തനത്തിന് ചെലവായ തുക

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly